**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1472** **16-10-2026-ൽ മറുപടിയ്ക്ക്**

**അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** രാജ്യത്തുടനീളം കാർഷികോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി 2022-23 മുതൽ കേരളത്തിലെ 36 ബാങ്കുകളുടെ ശാഖകൾ മുഖേന നടപ്പിലാക്കിവരുന്നു.

**(ബി)** കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി കോൾഡ് സ്റ്റോറേജുകൾ, വെയർഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്ന പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ NABCONS പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ (PMU) സഹായത്തോടെ കാർഷിക ഉത്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനുമായി വിവിധ കേന്ദ്രങ്ങളിൽ കോൾഡ് സ്റ്റോറേജുകളും വെയർഹൗസുകളും അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രകാരമുള്ള ബാങ്ക് വായ്പ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്.

**അനുവദിച്ച വായ്പകൾ**

വെയർഹൗസ് - 188 വായ്പകൾ, 197.35 കോടി രൂപ

കോൾഡ് സ്റ്റോറേജ് - 86 വായ്പകൾ, 118.25 കോടി രൂപ

**സംയുക്ത (കോമ്പോസിറ്റ്) വായ്പകൾ**

വെയർഹൗസ് + കോൾഡ് സ്റ്റോറേജ് - 3 വായ്പകൾ, 3.19 കോടി രൂപ

വെയർഹൗസ് + മറ്റുള്ളവ - 26 വായ്പകൾ, 40.26 കോടി രൂപ

കോൾഡ് സ്റ്റോറേജ് + മറ്റുള്ളവ - 11 വായ്പകൾ, 19.02 കോടി രൂപ

**(സി)** ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ഈ പദ്ധതി ആരംഭിച്ചതു മുതൽ കർഷകർക്കും കാർഷിക സംരംഭകർക്കുമായി 4924 അക്കൗണ്ടുകളിലായി 1349.16 കോടി രൂപ വായ്പയായി ബാങ്കുകൾ അനുവദിച്ചിട്ടുണ്ട്.

**(ഡി)** കാർഷികോല്പാദനം കുറഞ്ഞ നൂറ് ജില്ലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പി.എം. ധൻ ധാന്യ യോജന പദ്ധതിയിലേക്ക് സംസ്ഥാനത്തുനിന്നും ഏതെങ്കിലും ജില്ലയെ പരിഗണിക്കുന്നതിനായി ശിപാർശ സമർപ്പിച്ചിരുന്നോവെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന (PM Dhan-Dhaanya Krishi Yojana PM-DDKY) പദ്ധതി മാർഗ്ഗരേഖ പ്രകാരം കേരളത്തിൽ നിന്ന് കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളാണ് പദ്ധതിയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ സംസ്ഥാനതല, ജില്ലാതല നോഡൽ ഓഫീസർമാരുടെ വിശദാംശങ്ങളും, തിരഞ്ഞെടുത്ത ജില്ലകളിലെ പുരോഗമന കർഷകരുടെ വിശദാംശങ്ങളും തുടർനടപടികൾക്കായി കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**